# Deepika

## 12 July 2018

## Kochi, Residential Complexes, Minor Disasters

### കൊച്ചിയിലെ പാർപ്പിട സമുച്ചയങ്ങൾക്ക്

# ചെറിയ ദുരന്തങ്ങൾ പോലും താങ്ങാനാകില്ല

**ദുരന്തനിവാരണ സമിതിയുടെ പഠന റിപ്പോർട്ട്**

**കൊച്ചി:** കൊച്ചി നഗരത്തിലെ ഒട്ടുമിക്ക പാർപ്പിട സമുച്ചയങ്ങളും ചെറിയ ദുരന്തങ്ങൾ പോലും താങ്ങാൻ കഴിയാത്തവയാണെന്ന് ഓൾ ഇന്ത്യ പ്രഫഷണൽസ് കോൺഗ്രസ് (എഐപിസി) ദുരന്തനിവാരണ സമിതിയുടെ പഠന റിപ്പോർട്ട്. നഗരത്തിലെ 400-ഓളം പാർപ്പിട സമുച്ചയങ്ങളിലാണ് പഠനം നടത്തിയത്. ഇതിൽ 45ഓളം പാർപ്പിടസമുച്ചയങ്ങൾക്ക് സുരക്ഷാക്രമീകരണങ്ങൾ ഇല്ലെന്നും ചെറിയ ദുരന്തങ്ങൾ പോലും താങ്ങാൻ ശേഷിയില്ലാത്തവയുമാണെന്ന് പഠനത്തിൽ വ്യക്തമായതായി സമിതി ചെയർമാനും റിട്ടയേർഡ് ഐഎഎസ് ഉദ്യോഗസ്ഥനുമായ എം.പി. ജോസഫ് പത്രസമ്മേളനത്തിൽ പറഞ്ഞു.

ദുരന്തങ്ങളെ അഭിമുഖീകരിക്കുകയോ അവയോട് പ്രതികരിക്കുകയോ ചെയ്യാനുള്ള അവബോധമോ, തയാറെടുപ്പുകളോ സമുച്ചയങ്ങളുടെ ഉടമകൾക്കോ, അവിടെ താമസിക്കുന്നവർക്കോ ഇല്ല. ഏറ്റവും കുറഞ്ഞ ചെലവിൽ സ്വീകരിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പോലും പല വൻകിട കെട്ടിടങ്ങൾക്കും ഇല്ല. താമസക്കാരുടെ സുരക്ഷയ്ക്കായി യാതൊരു സംവിധാനവും ഇല്ലാത്ത പാർപ്പിടസമുച്ചയങ്ങളും നഗരത്തിലുണ്ടെന്ന് അദ്ദേഹം പറഞ്ഞു.



ദുരന്തങ്ങളെക്കുറിച്ചുള്ള മിഥ്യാബോധമാണ് സാഹചര്യം ഇത്രത്തോളം വഷളാക്കിയതെന്ന് പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ഞങ്ങൾ താമസിക്കുന്ന സ്ഥലത്ത് ദുരന്തങ്ങൾ ഉണ്ടാവില്ല എന്ന ഉറച്ച വിശ്വാസമാണ് പലർക്കും. ദുരന്തങ്ങളെ നേരിടാനുള്ള മുന്നൊരുക്കം ചെലവേറിയതാണെന്നും ദുരന്ത നിവാരണത്തിനായി വരുത്തേണ്ട ചെറിയ മാറ്റങ്ങൾ പോലും ചെലവേറിയതാണെന്നും ഇതൊന്നും തന്റെ പണിയല്ലെന്നുമുള്ള മിഥ്യാധാരണകളാണ് ഏറെപേർക്കും. സുരക്ഷാ മാനദണ്ഡങ്ങളെ കുറിച്ചും ദുരന്തങ്ങളെ നേരിടാനുള്ള മുന്നൊരുക്കങ്ങളെക്കുറിച്ചുമുള്ള അവബോധം ഇല്ലാത്തതുമാണ് ഇത്തരം സാഹചര്യങ്ങളിലേക്ക് എത്തിച്ചതെന്ന് എം.പി. ജോസഫ് ചൂണ്ടിക്കാട്ടി.

തീവ്രത കുറയ്ക്കൽ, തയാറെടുപ്പ്, പ്രതികരണം എന്നിവയാണ് അടിയന്തരമായി ചെയ്യേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ദുരന്തങ്ങളെ നേരിടാൻ ലഘു പുസ്തകം തയാറാക്കാനും നഗരത്തിലെ പാർപ്പിട സമുച്ചയങ്ങളിലെ താമസക്കാർ, ഉടമകൾ, അസോസിയേഷനുകൾ എന്നിവർക്കായി ദുരന്ത നിവാരണത്തിനായി മുന്നൊരുക്കം, ചട്ടങ്ങൾ പാലിക്കൽ, തയാറെടുപ്പ് എന്നിവയ്ക്കായി സമഗ്ര മാർഗനിർദേശങ്ങൾ നൽകാനും പഠന റിപ്പോർട്ട് നിർദേശിക്കുന്നു.

എം.പി. ജോസഫ് ചെയർമാനായി 14 പ്രഫഷണലുകളെ ഉൾപ്പെടുത്തിയാണ് ദുരന്ത നിവാരണ നിർവഹണത്തെക്കുറിച്ച് പഠിക്കാൻ സമിതിയെ നിയോഗിച്ചത്. മുരളി തുമ്മാരുകുടി, ജെയിംസ് അലോഷ്യസ് എന്നിവർ അടക്കമുള്ള വിദഗ്ധരുടെ സഹായത്തോടെ എട്ടു ഭാഗങ്ങളായി 50 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യാവലിയും ഡാറ്റകളുടെ ശാസ്ത്രീയ അപഗ്രഥനത്തിലൂടെയുമാണ് പഠനം പൂർത്തിയാക്കിയത്.

പ്രഫഷണൽസ് കോൺഗ്രസ് കൊച്ചി ചാപ്റ്റർ വൈസ് പ്രസിഡന്റ് ഹെൻറി ഓസ്റ്റിൻ, ആക്ടിംഗ് സെക്രട്ടറി പി.വി. അനുകുമാർ, ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി ജോൺ ഈപ്പൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.